ePLUS Kerala in YouTube

# FOCUS AREA

# 14. Social justice

According to Immanuel Kant, a German thinker, social justice is a condition whereby all people of a society can live with dignity and well-being.

## The Three Principles of Justice

### 1. Equal Treatment for Equals

All people have equal importance and equal rights in society. The right to life, the right to freedom and the right to property etc are granted to all citizens. The concept of justice states that individuals should be judged not on the basis of their race, creed or colour, but on their actions.

### 2. Proportional Justice

It is not practical to treat everyone equally in all situations. It is just to rewarding people in proportion to effort required, skills required, the possible dangers involved and social relevance of each person's work.

### 3. Recognition of Special Needs

Particular attention is given to those who are physically and mentally challenged, the elderly and the socially disadvantaged. It is only through such protection that many of these groups are able to gain the rights and social status they deserve. The caste reservation inserted in the Constitution of India and the government's different economic schemes to the poorer sections is part of the efforts by the state to bring social justice to the common masses.

ePLUS KERALA in YouTube

# 14. സാമൂഹ്യ നീതി

ഒരു സമൂഹത്തിലെ എല്ലാ വിഭാഗം ആൾക്കാർക്കും ക്ഷേമം ഉറപ്പ് വരുത്തുവാനും അന്തസ്സോടു കൂടി ജീവിക്കുവാനും കഴിയുന്ന അവസ്ഥയാണ് സാമൂഹിക നീതിയെന്നു ഇമ്മാനുവേൽ കന്ത് എന്ന ജർമൻ ചിന്തകൻ അഭിപ്രായപ്പെട്ടു.

## നീതിയുടെ മൂന്ന് തത്വങ്ങൾ

### 1. തുല്യർക്ക് തുല്യ പരിഗണന

എല്ലാ മനുഷ്യർക്കും സമൂഹത്തിൽ തുല്യ പ്രാധാന്യവും തുല്യ അവകാശവുമുമാണുള്ളത്. ജീവിക്കുവാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, സ്വത്തുസമ്പാദിക്കുവാനുള്ള അവകാശം തുടങ്ങിയവ എല്ലാ പൗരന്മാർക്കും നൽകപ്പെട്ടിരിക്കുന്നു. വ്യക്തികളെ വിലയിരുത്തേണ്ടത് അവരുടെ ജാതിയുടെയോ മതത്തിന്റെയോ നിറത്തിന്റെയോ അടിസ്ഥാനത്തിലല്ലെന്നും മറിച്ച് അവരുടെ പ്രവർത്തനങ്ങളെ മുൻനിർത്തിയാകണമെന്നുമാണ് നീതി സിദ്ധാന്തം പ്രസ്താവിക്കുന്നത്.


### 2. ആനുപാതിക നീതി

എല്ലാ സാഹചര്യങ്ങളിലും എല്ലാവർക്കും തുല്യ പരിഗണന നൽകുന്നത് പ്രായോഗികമല്ല. ഓരോ വ്യക്തിയും ചെയ്യുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ അധ്വാനം, വൈദഗ്ധ്യം, അപകട സാധ്യത, ചെയ്യുന്ന പ്രവർത്തനങ്ങളുടെ സാമൂഹിക പ്രസക്തി എന്നിവ കണക്കിലെടുത്തു ചില പ്രത്യേക ആനുകൂല്യങ്ങളും പരിഗണനയും നൽകുന്നത് നീതി യുക്തമാണ്.

### 3. പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, പ്രായാധിക്യമുള്ളവർ, സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നത് മറ്റ വിഭാഗങ്ങളോടുള്ള നീതി നിഷേധമല്ല. ഇത്തരം പ്രത്യേക പരിരക്ഷയിലൂടെ മാത്രമേ ഈ വിഭാഗങ്ങളിൽ പെട്ടവർക്ക് അർഹമായ പല അവകാശങ്ങളും നേടിയെടുക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജാതി സംവരണവും ഗവണ്മെന്റ് ദരിദ്രവിഭാഗങ്ങൾക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങളും ലക്ഷ്യമാക്കുന്നത് സാമൂഹിക നീതി കൂടുതൽ ആളുകളിലെയ്ക്ക് എത്തിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

**Prepared by Mathew Joseph (GHSS Kozhichal, Kannur)**




CLICK ON THE IMAGE TO WATCH THE VIDEO

ePLUS KERALA in YouTube